അനുബന്ധം (എ) ആയി ചേർക്കുന്നു. അൺ-എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ GO(MS)No. 552/2014/H.Edn dated 19-7-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം (ബി)* ആയി ചേർക്കുന്നു.

അദ്ധ്യാപക പരിശീലനം

16(*256) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ.രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് പുതിയ പാഠപുസ്തക പ്രകാരമുള്ള പരിശീലനം യഥാസമയം നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാഠപുസ്തകം അടിസ്ഥാനമാക്കി ഏതു തരത്തിൽ ക്ലാസ്സുകൾ നടത്തണമെന്ന ലഘുലേഖ അദ്ധ്യാപകർക്ക് യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(സി) കാലഘട്ടത്തിനനുസരിച്ച് പുസ്തകത്തിനൊപ്പം അദ്ധ്യാപകരേയും നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പുതിയ പാഠപുസ്തകപ്രകാരമുള്ള പരിശീലനം അദ്ധ്യാപകർക്ക് യഥാസമയം നൽകിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ സ്കൂളുകളിൽ ഏർപ്പെടുത്തിയ പരിഷ്കരിച്ച പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ മുഴുവൻ അദ്ധ്യാപകർക്കും 2015 ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശീലനം നൽകിയിരുന്നു. കൂടാതെ പരിശീലന ഷെഡ്യൂളുകൾ തയ്യാറാക്കിയാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് പരിശീലനം നൽകിയത്. പുതിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി എല്ലാ അദ്ധ്യാപകർക്കും ക്ലസ്റ്റർ പരിശീലനവും നൽകുന്നുണ്ട്.

(ബി) ക്ലാസ് റൂം വിനിമയം എങ്ങനെയാവണമെന്ന നിർദ്ദേശങ്ങൾ ഉൾപ്പെടെ, എല്ലാ ക്ലാസ്സുകളിലെയും എല്ലാ വിഷയങ്ങളുടെയും അദ്ധ്യാപക സഹായികൾ (അദ്ധ്യാപക കൈപ്പുസ്തകം) യഥാസമയം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലഘട്ടത്തിനനുസരിച്ചും പാഠ്യ പദ്ധതി പരിഷ്കരണത്തിനനുസൃതമായും അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി അധ്യാപകശാക്തീകരണ പദ്ധതികൾ നടന്നുവരുന്നു. അവധിക്കാല അദ്ധ്യാപക പരിശീലനം, ക്ലസ്റ്റർതല പരിശീലനം, സ്കൂൾ അധിഷ്ഠിത പരിശീലനം, ഐ.സി.റ്റി. പരിശീലനം, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ എൽ.പി. അധ്യാപകർക്കുള്ള സ്പെഷ്യൽ ഇംഗ്ലീഷ് ടെയിനിംഗ്, രാഷ്ട്രീയ ആവിഷ്കാർ അഭിയാനുമായി ചേർന്ന് സയൻസ്, മാത്സ് വിഷയങ്ങളിലെ അധ്യാപകർക്കായി പ്രത്യേക പരിശീലനം. അധ്യാപകർക്ക് തത്സമയം സഹായം നൽകുന്നതിലേക്കായി ടെയിനർമാരെയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെയും പ്രാപ്തരാക്കുന്നതിന് പ്രത്യേക പരിശീലനം നൽകൽ എന്നിവയാണ് അധ്യാപക നവീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ, അതോടൊപ്പം ഡയറ്റിന്റെയും വിദ്യാഭ്യാസ വിദഗ്ധരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിലുള്ള ഇന്റേൺ സപ്പോർട്ട് മിഷൻ (ഐ.എസ്.എം.) അദ്ധ്യാപകർക്കാവശ്യമായ പിന്തുണ സ്കൂളുകളിൽ നൽകിവരുന്നു.

കരമന - കളിയിക്കാവിള ദേശീയപാത വികസനം

17(*257) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഒന്നാംഘട്ടം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അത് പൂർത്തീകരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങളെന്താണെന്ന് വ്യക്തമാക്കുമോ ; പ്രാവച്ചമ്പലം - വഴിമുക്ക് മേഖലയിൽ നിശ്ചയിച്ച ഭൂമി വിലയിൽനിന്ന് സർക്കാർ പിൻമാറുകയുണ്ടായോ ; വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഒന്നാംഘട്ട റോഡ് വികസന പ്രവർത്തന പൂർത്തീകരണത്തിന് തടസ്സമായി നിന്നിരുന്ന ഏതെങ്കിലും സ്ഥാപനങ്ങളോ ആരാധനാലയങ്ങളോ മാറ്റി സ്ഥാപിക്കുവാൻ കഴിയാത്തതുമൂലം ഇപ്പോഴും നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly